# RATHICKAL KOOTTAYMA

# CENTRAL COMMITTEE 2025-2026

സേവനം, സഹായം,സൗഹൃദം, ഉന്നമനം

## GENERAL BODY – 11.09.2026 - പ്രവർത്തന റിപ്പോർട്ട്

2025 സെപ്റ്റംബർ 5-ന് ചേർന്ന ജനറൽ ബോഡി യോഗത്തിൽ ഖത്തറിൽ നിന്നുള്ള ജനാബ് അബ്ബാസ് ബാജിയെ പ്രസിഡന്റായും, ജനാബ് സമീർ സാദിഖിനെ സെക്രട്ടറിയായും, ജനാബ് മുബീൻ അമീനെ ട്രഷററായും തെരഞ്ഞെടുത്തു. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും,രക്ഷധികാരി കമ്മറ്റീയുടെ പേര് വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

| | RaK Central Committee Members 2025-26 | | |
|---|---|---|---|
| | **Name** | **Position** | **Branch** |
| 1 | Sainudheen A | Chief Patron | QATAR |
| 2 | Abbas Baji | President | QATAR |
| 3 | Sabu M I | Vice President | QATAR |
| 4 | Sameer Sadikh | General Secretory | QATAR |
| 5 | Basheer Byju | Joint Secretary | QATAR |
| 6 | Mubeen Ameen | Treasurer | QATAR |
| 7 | Sudheer Sha | Joint Treasurer | QATAR |
| 8 | Basari Amanullah | Legal Advisor | QATAR |
| 9 | Thaseen Ameen | Auditor | QATAR |

| | | | |
|---|---|---|---|
| 10 | Arsh A.R | President Qatar /Member | QATAR |
| 11 | Saju salim | Secretary Qatar / Member | QATAR |
| 12 | Sahad Siraj | Member | QATAR |
| 13 | Nazer M I | Member | QATAR |
| 14 | Navas (Maheen) | President Dubai / Member | DUBAI |
| 15 | Ameer Savad | Secretary Dubai / Member | DUBAI |
| 16 | Noushad A R | RaK Fresh Chairman /Member | DUBAI |
| 17 | Nizam A R | Member | DUBAI |
| 18 | Sajim Subair | President Abu Dhabi / Member | ABU DHABI |
| 19 | Sherin | Secretory Abu Dhabi / Member | ABU DHABI |
| 20 | Najeeb | Member | ABU DHABI |
| 21 | Azad A.R | Member | ABU DHABI |
| 22 | Shibu Muhammed Yusuf | President Al Ain / Member | Al AIN |
| 23 | Aseem Nuhman | Secretory Al Ain / Member | Al AIN |
| 24 | Ullas M I | Treasurer Al Ain / RaK Mart Chairman | Al AIN |
| 25 | Abu Husain | Member | Al AIN |
| 26 | Kamil | President Rathickal / Member | RATHICKAL |
| 27 | Shajer | Secretory Rathickal /Member | RATHICKAL |
| 28 | Fasil A K | Member | RATHICKAL |
| 29 | Abdul Kalam | Member | RATHICKAL |
| 30 | Mahamood | Member | RATHICKAL |
| 31 | Sabir Sadikh | Rak Fresh/Member | Qatar |

| | റാക്ക് രക്ഷാധികാരി കമ്മിറ്റി അംഗങ്ങൾ 2025-26 | | |
|---|---|---|---|
| | **Name** | **Position** | **Branch** |
| 1 | Sainudheen A | Chief Patron | QATAR |
| 2 | Abbas Baji | President | QATAR |
| 3 | Rasah | Member | QATAR |
| 4 | Nujumudheen Saqafi | Member | Abu Dhabi |
| 5 | Jabbar | Member | Abu Dhabi |
| 6 | Aybak | Member | Dubai |
| 7 | Muhammad Najeeb | Member | Dubai |
| 8 | Arshad | Member | Al Ain |
| 9 | Ullas | Member | Al Ain |
| 10 | M I Raffi | Member | Rathickal |
| 11 | Ullas Thalhath | Member | Rathickal |
| 12 | Mujeeb Hamid | Member | Rathickal |
| 13 | Althaf M | Member | Rathickal |

ഈ കമ്മിറ്റി കാലയളവിൽ 12 എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്ന് സംഘടനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരവധി സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു.

എന്നാൽ, കമ്മിറ്റി നിലവിൽ വന്നതിന് ശേഷം കൂട്ടായിമയുടെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ലാത്ത തരത്തിലുള്ള അധികാര കേന്ദ്രീകരണവും ആഭ്യന്തര വടംവലികളും ഉണ്ടായത് സംഘടനാ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇത്തരം സാഹചര്യങ്ങൾക്കിടയിലും സംഘടനാ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ നേതൃത്വം നന്നേ പാടുപെട്ടു.

പ്രശ്നപരിഹാരത്തിന് ഖത്തർ ബ്രാഞ്ച് സ്വീകരിച്ച വിട്ടുവീഴ്ചാ മനോഭാവത്തോടെയുള്ള സമീപനം ഏറെ സഹായകരമായി. ഈ അവസരത്തിൽ ഖത്തർ ബ്രാഞ്ചിന്റെ സഹകരണപരമായ നിലപാടിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

കൂട്ടായിമയുടെ നല്ല നടത്തിപ്പും അംഗങ്ങൾക്കിടയിലെ ഐക്യവും പരസ്പര സഹകരണവും ഉറപ്പാക്കുന്നതിനായി ഒരു ഓൺലൈൻ സംവാദ വേദി സംഘടിപ്പിച്ചു. അംഗങ്ങൾ ഈ വേദിയെ വളരെ നല്ല രീതിയിൽ സ്വീകരിക്കുകയും, കൂട്ടായിമയ്ക്കുള്ളിലെ ക്രിയാത്മകമായ ഇടപെടലായി കാണുകയും ചെയ്തു.

ഇതേ ലക്ഷ്യത്തോടെ തുടർന്ന് രണ്ട് തവണ സംയുക്ത കമ്മിറ്റിയുടെ യോഗങ്ങളും വിളിച്ചുചേർത്തു. സംഘടനയ്ക്കുള്ളിലെ ആശയവിനിമയവും പരസ്പര സഹകരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രധാന ചുവടുവയ്പുകളായാണ് ഈ യോഗങ്ങളെ കാണുന്നത്.

- **കൂട്ടായിമയുടെ പോർട്ടൽ ( www.rathickalkootaima.com )**

കൂട്ടായിമയുടെ ചരിത്രം കൃത്യമായി രേഖപ്പെടുത്തുന്നതിനും, ഔദ്യോഗിക ഡോക്യുമെന്റുകൾ, ഫോട്ടോ ഗാലറി തുടങ്ങിയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും, വരും തലമുറകൾക്ക് അവ കാണാനും വായിക്കാനും കഴിയുന്ന രീതിയിൽ കൂട്ടായിമയുടെ ഔദ്യോഗിക പോർട്ടൽ ആരംഭിച്ചു.

കൂട്ടായിമയുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും ചരിത്രവും ഒരിടത്ത് ലഭ്യമാകുന്ന രീതിയിലാണ് പോർട്ടൽ ഒരുക്കിയിരിക്കുന്നത്.

ഭാവിയിൽ കൂട്ടായിമയുടെ മെറിറ്റ് ഇവന്റ് പോലുള്ള പരിപാടികളിലേക്ക് അതിഥികളെ ക്ഷണിക്കുമ്പോൾ, അവർ കൂട്ടായിമയുടെ പ്രൊഫൈൽ ആവശ്യപ്പെട്ടാൽ, പോർട്ടൽ അഡ്രസ് പങ്കുവെച്ച് കൂട്ടായിമയെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും പരിചയപ്പെടുത്താൻ സാധിക്കും.

ഇത്തരത്തിൽ, കഴിഞ്ഞ മെറിറ്റ് ഇവന്റിലും കൂട്ടായിമയുടെ പോർട്ടൽ പ്രയോജനപ്പെടുത്തി, അതിഥികൾക്ക് കൂട്ടായിമയുടെ പ്രവർത്തനങ്ങളും ചരിത്രവും പരിചയപ്പെടുത്താൻ സാധിച്ചു.

- ## മെറിറ്റ് ഇവന്റ്

റാത്തിക്കൽ കൂട്ടായിമ നേരിട്ട് നടത്തുന്ന ഏറ്റവും പ്രസ്റ്റീജിയസ് ആയ പരിപാടികളിൽ ഒന്നാണ് മെറിറ്റ് ഇവന്റ്. റാത്തിക്കൽ പരിസര പ്രദേശങ്ങളിൽ നിന്നുള്ള മക്കളുടെ വിദ്യാഭ്യാസ നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്.

**₹1,83,148** ചെലവഴിച്ച്, പ്രോഗ്രാം കൺവീനറുടെ നേതൃത്വത്തിലുള്ള കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിശ്രമത്തോടെയും മികച്ച ഏകോപനത്തോടെയും പരിപാടി കുറ്റമറ്റ നിലയിൽ നടത്താൻ സാധിച്ചു.

ഈ പരിപാടിക്കാവശ്യമായ ധനസമാഹരണം നടത്തിയ ബ്രാഞ്ച് കമ്മിറ്റിയെയും, പരിപാടിയുടെ നടത്തിപ്പിന് നേതൃത്വം നൽകിയ പ്രോഗ്രാം കോഓർഡിനേഷൻ കമ്മിറ്റിയെയും പ്രത്യേകം അനുമോദിക്കുന്നു.

സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ, കൃത്യമായ ആസൂത്രണത്തോടെയും ഏകോപനത്തോടെയും സംഘടിപ്പിച്ച ഈ പരിപാടി കൂട്ടായ്മയുടെ പ്രവർത്തന മികവിന്റെയും അംഗങ്ങളുടെ കൂട്ടായ സഹകരണത്തിന്റെയും മികച്ച ഉദാഹരണമാണ്.

- **റമദാൻ റിലീഫ്**

റാത്തിക്കൽ കൂട്ടായിമ നേരിട്ട് നടത്തുന്ന മറ്റൊരു പ്രധാന പദ്ധതിയാണ് റമദാൻ റിലീഫ് വിതരണം.

**₹5,56,009** ചെലവഴിച്ച് നടത്തിയ ഈ വർഷത്തെ റമദാൻ റിലീഫ് വിതരണം, കൂട്ടായ്മയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ റിലീഫ് വിതരണമായി മാറി. 245 കുടുംബങ്ങൾക്ക് ഈ സഹായം ആശ്വാസമായി. റമദാൻ മാസവും ചൂടും വകവെയ്ക്കാതെ കുറ്റമറ്റ നിലയിൽ അവ വിതരണം ചെയ്ത റാത്തിക്കൽ ബ്രാഞ്ച് പ്രതിനിധികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

ഈ പദ്ധതിക്കാവശ്യമായ ധനസമാഹരണം വിജയകരമായി നടത്തുന്നതിൽ സഹകരിച്ച എല്ലാ ബ്രാഞ്ച് നേതൃത്വത്തെയും, കൂട്ടായ്മയുടെ മുഴുവൻ അംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. വിശിഷ്യ ദുബായ് ബ്രാഞ്ച് നേതൃത്വത്തിന്റെ മികച്ച സഹകരണവും ധനസമാഹരണത്തിലെ പങ്കാളിത്തവും പ്രത്യേകം അനുമോദിക്കുന്നു.

കൂട്ടായ്മയുടെ സാമൂഹിക പ്രതിബദ്ധതയും അംഗങ്ങളുടെ കൂട്ടായ സഹകരണവും ഒരുമിച്ച് പ്രതിഫലിപ്പിച്ച മികച്ച പ്രവർത്തനമാണ് ഈ റമദാൻ റിലീഫ് വിതരണം.

- **മയ്യത്തു പരിപാലനം**

ഈ കമ്മിറ്റിയുടെ കാലയളവിൽ രണ്ട് മയ്യത്തുകൾ മറവു ചെയ്യുന്നതിനുള്ള ചെലവ് വഹിക്കാനുള്ള അവസരം ഉണ്ടായിട്ടുണ്ട്. അതിനായി ഉണ്ടായ **₹25,000** രൂപയുടെ ചെലവ്, പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത വ്യക്തികൾ ആണ് സ്പോൺസർ ചെയ്തത്

- **പെൻഷൻ**

ഈ കമ്മിറ്റിയുടെ കാലയളവിൽ ₹10,54,500 രൂപയുടെ പെൻഷൻ വിതരണം നടന്നു. 45 അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഇത് വലിയ ആശ്വാസമായി മാറി.

ഈ പദ്ധതിക്കാവശ്യമായ ധനസമാഹരണം വിവിധ ഘട്ടങ്ങളിലായി നടന്നു. അതിൽ അഞ്ച് പ്രാവശ്യം ഖത്തറിൽ നിന്നും, അഞ്ച് പ്രാവശ്യം യു.എ.ഇയിൽ നിന്നും, ഒരു പ്രാവശ്യം റാത്തിക്കൽ ബ്രാഞ്ചിൽ നിന്നും, കൂടാതെ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരാളിൽ നിന്നും ഒരു പ്രാവശ്യവും ലഭിച്ചു.

കൂട്ടായ്മയുടെ കരുണയും സഹകരണവും പ്രതിഫലിപ്പിച്ച മറ്റൊരു പ്രധാന സാമൂഹിക സേവന പ്രവർത്തനമായി ഈ പെൻഷൻ വിതരണം മാറി.

| Task | Status | Branch | Month | Year | Pension Amount | Sponsorship Rathickal | One Time Help | Total | Amount Paid to Rathickal |
|---|---|---|---|---|---|---|---|---|---|
| Monthly Pension | Completed | Qatar | September | 2025 | 73000 | 7500 | | 80500 | 73000 |
| Monthly Pension | Completed | Rathickal | October | 2025 | 73000 | 7500 | | 80500 | |
| Monthly Pension | Completed | Abu Dhabi | November | 2025 | 73000 | 7500 | 36250 | 116750 | 109250 |
| Monthly Pension | Completed | Dubai | December | 2025 | 73000 | 7500 | 47500 | 128000 | 120500 |
| Monthly Pension | Completed | Qatar | January | 2026 | 73000 | 7500 | 47500 | 128000 | 120500 |
| Monthly Pension | Completed | Al Ain | February | 2026 | 73000 | 9500 | 56250 | 138750 | 129250 |
| Monthly Pension | Completed | Rathickal Sponsor | March | 2026 | 80500 | | | 80500 | |
| Monthly Pension | Completed | Qatar | April | 2026 | 73000 | 9500 | 32500 | 115000 | 105,500 |
| Monthly Pension | Completed | Dubai | May | 2026 | 73000 | 9500 | 61250 | 143750 | 118,000 |
| Monthly Pension | Completed | Abu Dhabi | June | 2026 | 73000 | 9500 | 56250 | 138750 | 129,250 |
| Monthly Pension | Completed | Qatar | July | 2026 | 71000 | 9500 | 12500 | 93000 | 83500 |
| Monthly Pension | Completed | Al Ain | August | 2026 | 71000 | 9500 | 52500 | 133000 | 107,250 |
| Monthly Pension | Completed | Qatar | September | 2026 | 71000 | 9500 | 32500 | 113000 | 103500 |
| Total | | ---------------------- | ---------------- | | 950500 | 104000 | 435000 | 1489500 | 1199500 |

- **ഒറ്റതവണ സഹായം**

ഈ കമ്മിറ്റിയുടെ കാലയളവിൽ **₹4,35000** രൂപയുടെ ഒറ്റത്തവണ സഹായങ്ങൾ ജാതി മത ഭേദമന്യേ, സമൂഹത്തിൽ രോഗങ്ങൾ കൊണ്ടും മറ്റ് പ്രതിസന്ധികളാലും കഷ്ടതകൾ അനുഭവിക്കുന്ന 38 കുടുംബങ്ങളിലേയ്ക് എത്തിച്ചു.

ഈ ധനസമാഹരണം വിദേശത്തുള്ള എല്ലാ ബ്രാഞ്ചുകളുടെയും തുല്യമായ സഹകരണത്തിലൂടെയാണ് പൂർത്തിയാക്കിയത്.

ഗൾഫ് നാടുകളിൽ നിലനിൽക്കുന്ന ചില അനിശ്ചിതാവസ്ഥ കാരണം ചില അപേക്ഷകളിൽ അർഹമായ സഹായങ്ങൾ നൽകാൻ സാധിച്ചില്ല.

- **റാത്തിക്കൽ പള്ളി നവീകരണം**

റാത്തിക്കൽ പള്ളിയുടെ നവീകരണവുമായി ബന്ധപ്പെട്ട് റാത്തിക്കൽ കൂട്ടായ്മയുടെ നേതൃത്വത്തിൽ **₹100,000** സഹായമായി നൽകുകയുണ്ടായി.

ഇതിൽ ₹88,617 വയനാട് മിഷൻ പദ്ധതിക്കായി സമാഹരിച്ച തുകയിൽ നിന്നുള്ള ബാക്കി തുകയും, ശേഷിക്കുന്ന ₹11,383 അലൈൻ ബ്രാഞ്ചിൽ നിന്നുള്ള സംഭാവനയുമാണ്.

സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി പള്ളി നവീകരണത്തിനായി നൽകിയ ഈ സഹായം, സമൂഹത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കി കൂട്ടായ്മ നടത്തുന്ന ഇടപെടലുകളുടെ ഭാഗമാണ്.

- **വെൽഫെയർ**

കൂട്ടായ്മയുടെ 276 ആക്റ്റീവ് അംഗങ്ങൾ ഉൾപ്പെടുന്ന വെൽഫെയർ പദ്ധതിയിൽ, നിലവിൽ ₹17 ലക്ഷത്തിന്റെ നീക്കിയിരിപ്പാണ് ഉള്ളത്. ഈ കമ്മിറ്റി കാലയളവിൽ അടിയന്തര സാഹചര്യം നേരിട്ട രണ്ട്

സഹോദരങ്ങൾക്ക് വെൽഫെയർ ഫണ്ടിൽ നിന്ന് **₹50,000** വീതം സഹായമായി അനുവദിച്ചു.

എല്ലാ ബ്രാഞ്ചുകളിൽനിന്നുമുള്ള വെൽഫെയർ തുക കേന്ദ്രീകരിച്ച് പദ്ധതിയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ധാരണയായിരുന്നുവെങ്കിലും, ഇതുവരെ അത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

നിലവിലുള്ള തുക തന്നെ വളരെ പരിമിതമായ സാഹചര്യത്തിൽ, അത് ഏതെങ്കിലും തരത്തിലുള്ള നിക്ഷേപത്തിൽ വിനിയോഗിച്ചാൽ അടിയന്തരമായി സഹായം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ തുക ഉടൻ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടാൻ സാധ്യതയുണ്ട്. അതിനാൽ, വെൽഫെയർ പദ്ധതിയുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ അംഗങ്ങൾക്ക് ആവശ്യമായ സഹായം സമയബന്ധിതമായി നൽകുന്നതിനും, പദ്ധതിയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

- **റാക്ക് ഫാർമസി**

സംഘടനയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന റാക്ക് ഫാർമസി ₹14 ലക്ഷം രൂപയ്ക്ക് പൂർണമായും റാക്ക് മാർട്ട് ഏറ്റെടുത്തു. ഇതിൽ ₹5 ലക്ഷം രൂപ റാക്ക് മാർട്ട് ഇതിനകം നൽകിയിട്ടുണ്ട്. ഇനി ₹9 ലക്ഷം രൂപ ബാലൻസ് നൽകാനുണ്ട്.

മേൽപ്പറഞ്ഞ ₹14 ലക്ഷം രൂപയിൽ നിന്ന് ₹10 ലക്ഷം റാക്ക് ഫ്രഷിലും ₹4 ലക്ഷം റാക്ക് മാർട്ടിലും സംഘടനയുടെ പേരിൽ നിക്ഷേപിക്കാനായിരുന്നു ധാരണ. എന്നാൽ നിർഭാഗ്യവശാൽ, റാക്ക് ഫ്രഷ് ഡയറക്ടർ ബോർഡ് ഈ തുക സ്വീകരിച്ചില്ല.

അതേസമയം, റാക്ക് മാർട്ടിൽ സംഘടനയുടെ പേരിൽ **₹1,10,000** രൂപയുടെ ഷെയർ റാക്ക് കൂട്ടായിമ വാങ്ങിയിട്ടുണ്ട്.

- **റാക്ക് മാർട്ട്**

കൂട്ടായിമയോടൊപ്പം ചേർന്നുനിന്ന് പ്രവർത്തിക്കുന്ന റാക്ക് മാർട്ട് ഡയറക്ടർ ബോർഡ് മികച്ച പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. കൂട്ടായിമയുടെ ലക്ഷ്യങ്ങളും അംഗങ്ങളുടെ താൽപര്യങ്ങളും മുൻനിർത്തി, നിക്ഷേപകരുടെ വിശ്വാസം നിലനിർത്തുന്നതിനും സ്ഥാപനത്തിന്റെ വളർച്ച ഉറപ്പാക്കുന്നതിനും ഡയറക്ടർ ബോർഡ് ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിവരുന്നത്.

റാക്ക് മാർട്ടിൽ നിക്ഷേപം നടത്തിയ അംഗങ്ങളോടുള്ള നന്ദിയും പരിഗണനയും പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി, ഇതിനോടകം നാല് പ്രാവശ്യം നിക്ഷേപകർക്ക് സ്നേഹസമ്മാനം നൽകാൻ ഡയറക്ടർ ബോർഡിന് സാധിച്ചിട്ടുണ്ട്. ഇത് നിക്ഷേപകരോടുള്ള സ്ഥാപനത്തിന്റെ ഉത്തരവാദിത്വബോധത്തിന്റെയും കൂട്ടായിമയോടുള്ള സഹകരണ മനോഭാവത്തിന്റെയും മികച്ച ഉദാഹരണമാണ്.

തുടർന്നും കൂട്ടായിമയുമായി സഹകരിച്ച് പ്രവർത്തിക്കുകയും, സ്ഥാപനത്തിന്റെ വളർച്ചയോടൊപ്പം നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

- **റാക്ക് ഫ്രഷ്**

ഏറെ വെല്ലുവിളികളെ അതിജീവിച്ച് ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ നിക്ഷേപകർക്ക് സ്നേഹസമ്മാനം നൽകാൻ കഴിഞ്ഞത് റാക്ക് ഫ്രഷ് ഡയറക്ടർ ബോർഡിന്റെ മികച്ച പ്രവർത്തനത്തിന്റെ തെളിവാണ്.

എന്നാൽ, കൂട്ടായിമയുടെ ബാനറിൽ ധനസമാഹരണം നടത്തുകയും കൂട്ടായിമയുടെ വിഭവങ്ങളും റിസോഴ്സുകളും ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ട്, കൂട്ടായിമയുടെ പേരിൽ രൂപീകരിച്ച സ്ഥാപനത്തിൽ കൂട്ടായിമയ്ക്ക് അർഹമായ പരിഗണന ലഭിക്കാത്തതിൽ സെൻട്രൽ കമ്മിറ്റിക്ക് കടുത്ത അതൃപ്തിയുണ്ട്.

നാളിതുവരെ സെൻട്രൽ കമ്മിറ്റി മുന്നോട്ടുവച്ച ആവശ്യങ്ങളിൽ ഒന്നുപോലും അംഗീകരിക്കാത്ത ഡയറക്ടർ ബോർഡിന്റെ നിലപാടിൽ സെൻട്രൽ കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ഈ കമ്മിറ്റിയുടെ അവസാന ആഴ്ചകളിൽ, കൂട്ടായ്മയ്ക്ക് 15 ലക്ഷം രൂപ വരെ ഷെയർ നൽകാൻ സന്നദ്ധമാണെന്ന് RAK Fresh DB അറിയിച്ചിരുന്നു. ഈ തുക കൂട്ടായിമയിൽ നിന്ന് നൽകുന്നതിനോടൊപ്പം, തുടർന്ന് വരുന്ന എല്ലാ സെൻട്രൽ കമ്മിറ്റി പ്രസിഡന്റുമാരെയും റാക്ക് ഫ്രഷ് ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തണമെന്ന നിർദേശം മുന്നോട്ടുവെച്ചെങ്കിലും, ആ നിർദേശം തള്ളിക്കളയുകയും യാതൊരു ഉപാധികളുമില്ലാതെ തുക സ്വീകരിക്കാമെന്ന് റാക്ക് ഫ്രഷ് ഡയറക്ടർ ബോർഡ് അറിയിക്കുകയും ചെയ്തു.നിലവിലെ ഈ സാഹചര്യത്തിൽ, റാക്ക് ഫ്രഷിൽ നിക്ഷേപം നടത്തേണ്ടതില്ലെന്ന് കൂട്ടായിമ നേതൃത്വം തീരുമാനിച്ചു.

- **റാത്തിക്കൽ ബ്രാഞ്ചിന് ലാപ്ടോപ്പ്**

റാത്തിക്കൽ ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി **₹50,000** രൂപ ചെലവഴിച്ച് ഒരു ലാപ്ടോപ്പ് വാങ്ങി നൽകി. എല്ലാ ബ്രാഞ്ചുകളുടെയും സഹകരണത്തോടെ നടത്തിയ ധനസമാഹരണത്തിലൂടെയാണ് ലാപ്ടോപ്പ് വാങ്ങിയത്.

ഒരു ചാരിറ്റി സംഘടന എന്ന നിലയിൽ, ഈ കമ്മിറ്റി കാലയളവിൽ **₹24,03,657** രൂപയുടെ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചത് കൂട്ടായ്മയിലെ അംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണവും സാമ്പത്തിക പിന്തുണയും കൊണ്ടാണ്. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകിയ ഓരോ അംഗങ്ങളോടും, വിവിധ ഘട്ടങ്ങളിൽ തുക സമാഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകിയ എല്ലാ ബ്രാഞ്ച് കമ്മിറ്റികളോടും ഈ അവസരത്തിൽ ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. നമ്മുടെ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായും കാര്യക്ഷമമായും മുന്നോട്ടുകൊണ്ടുപോകുന്നതിനും, വരുന്ന കമ്മിറ്റിക്ക് കൂടുതൽ മെച്ചപ്പെട്ട

രീതിയിൽ പ്രവർത്തിക്കാൻ സാധിക്കട്ടെയെന്നും ഈ അവസരത്തിൽ പ്രത്യാശിക്കുന്നു.

സെൻട്രൽ കമ്മിറ്റിയുടെ ഈ പ്രവർത്തന റിപ്പോർട്ട് അംഗങ്ങളുടെ പരിഗണനയ്ക്കും വിശദമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**President** **Secretary**

**Abbas Baji** **Sameer Sadikh**